Reg. No. [| | | | | | | |]

BBAMLL 153/BBMMLL 153/BFDMLL 153/BCAMLL 153

Credit Based II Semester B.B.A./B.B.M./B.Sc. (FD)/B.C.A.
Examination, September 2022
(2018-19 and Earlier Batches)
MALAYALAM

Time : 3 Hours Max. Marks : 80

I. **മൂന്നെണ്ണം** വ്യാഖ്യാനിക്കുക. **(3×4=12)**

1) കാരാധി വാസമവിടേയ്ക്കു വിധിച്ചതോർത്താൽ
ഘോരാപരാധ മുടയോരിവൾ വധ്യ തന്നെ
വീരാവരോധ പദ സംശ്രിതധന്യയാം ഞാൻ
തീരാക്കൃതാർത്ഥതയോടൊത്തു മരിച്ചു കൊള്ളാം.

2) ഏകാന്തരൂഢമിഹ നിന്നനഘാനുരാഗം
സ്വീകാര്യ കോടിയിലിരിപ്പതു തന്നെ പക്ഷേ
ഹേ! കാര്യവേദിനി, യശോധനനാം, നൃപന്നു
ലോകാപവാദമഖിലോ പരിഗണ്യമല്ലീ ?

3) ഉല്ലാസ ദാഹവവിനോദവശാൽ ക്കുറച്ചൊ –
ന്നില്ലായ്കയില്ല മമ മെയ്യിനു വാട്ടമിപ്പോൾ
അല്ലാതപായകര പീഡകളൊന്നുമേറ്റി
ട്ടില്ലായ്കയാൽ വെറുതെയാണിഹ സംഭ്രമം തേ.

4) മല്ലാളനൈകപര, മറ്റെവിടെഗ്ഗമിച്ചാൽ –
ത്തെല്ലാശ്വസിപ്പതിനെനിക്കെള്ളുതാകുമിപ്പോൾ ?
വല്ലാത്തയിരുട്ടറയിതെത്ര സുഖാഢ്യമങ്ങു –
ന്നില്ലാത്ത മാമക മഹാമണിമേടയേക്കാൾ !

II. **രണ്ടു** ചോദ്യത്തിന് **രണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. **(2×6=12)**

5) ഉഷയും കുംഭാണ്ഡനുമായി നടന്ന സംഭാഷണം സംഗ്രഹിക്കുക.

6) ഉഷയും അനിരുദ്ധനും കാരാഗൃഹത്തിൽ വെച്ചുണ്ടായ കൂടിക്കാഴ്ച വിവരിക്കുക.

7) കുംഭാണ്ഡന്റെ സ്വഭാവം നിരൂപണം ചെയ്യുക.

III. **രണ്ട്** ചോദ്യത്തിന് **രണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. **(2×6=12)**

8) മുത്തശ്ശിയും മാധവിയും സുപ്രിയയും നമ്മുടെ മനസ്സിനെ സ്പർശിക്കുന്നതെന്തുകൊണ്ട് ?

9) ''നിന്റെ അമ്മ ഈ ആയുഷ്ക്കാലം മുഴുവനും ദു:ഖത്തിൽ മാത്രം ജീവിച്ചു. അവർക്കിന്ന് പ്രായമായി വരുന്നു. അവർക്ക് പെൻഷനുള്ള ജോലിയുമില്ല.'' കഥാസാഹചര്യം വ്യക്തമാക്കുക.

10) കണ്ടകശ്ശനിക്കാലമാണ് വീട് വെയ്ക്കാൻ അനുയോജ്യമെന്ന് ജ്യോത്സ്യൻ പറയാൻ കാരണമെന്ത് ?

IV. **ഒരു** ചോദ്യത്തിന് **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. **(1×12=12)**

11) വാർധക്യത്തിന്റെ ഒറ്റപ്പെടലിന്റെ കഥകൾ വിലയിരുത്തുക.

12) കടയുടെ താക്കോൽ എന്ന കഥയ്ക്ക് നിരൂപണം തയ്യാറാക്കുക.

V. **ഒരു** ചോദ്യത്തിന് **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. **(1×12=12)**

13) വള്ളത്തോളിന്റെ ശില്പകലാ വിജയമാണ് 'അനിരുദ്ധനിലെ ഉഷ'

– വിശദീകരിക്കുക.

14) കവി, അനിരുദ്ധന്റെ പ്രകൃതം രൂപപ്പെടുത്തിയിരിക്കുന്നതെങ്ങനെ ?

VI. **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. **(1×12=12)**

15) നാലുകെട്ട് എന്ന നോവലിലെ പുരുഷ കഥാപാത്രങ്ങളുടെ പ്രത്യേകതകൾ വിലയിരുത്തുക.

16) കഥാപാത്രനിരൂപണം.

പാറുക്കുട്ടി, അമ്മിണി, മാളു.

VII. ഉപന്യസിക്കുക (ഏതെങ്കിലും **ഒരെണ്ണം**). **(1×8=8)**

17) മലയാളിയുടെ മാറുന്ന ഭക്ഷണ ശീലങ്ങൾ.

18) രാജ്യസുരക്ഷയും ഭീകരാക്രമണവും.